പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1872

10/03/2020 ൽ മറുപടി നല്കേണ്ടത്.

## അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള മത്സ്യത്തിന്റെ ഗുണനിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.എൻ.എ ഖാദർ** | **കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി) |
| (എ) അയൽ സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിൽ വിൽപ്പനയ്ക്ക് എത്തിക്കുന്ന മത്സ്യത്തിന്റെ ഗുണനിലവാരം അതിർത്തികളിൽവച്ച് പരിശോധിക്കുന്നതിനും വിഷമയമായവ നശിപ്പിക്കുന്നതിനും കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനും സംസ്ഥാനാതിർത്തികളിൽ സ്ഥിരം സംവിധാനമുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി ഈ സംവിധാനം ഒരുക്കുമോ;<br>(ബി) അതിർത്തി കടന്ന് സംസ്ഥാനത്ത് വിഷമയമായ മത്സ്യം വിൽപ്പനയ്ക്ക് എത്തിക്കുന്നത് വ്യാപകമാകുന്ന സാഹചര്യത്തിൽ കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (എ) & (ബി) അയൽ സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിൽ വിൽപ്പനയ്ക്ക് എത്തിക്കുന്ന മത്സ്യത്തിന്റെ ഗുണ നിലവാരം അതിർത്തികളിൽവച്ച് പരിശോധിക്കുന്നതിന് സ്ഥിരം സംവിധാനം നിലവിലില്ല. എന്നാൽ അന്യസംസ്ഥാനത്ത് നിന്ന് കൊണ്ടുവരുന്നതുൾപ്പടെയുള്ള മത്സ്യം പരിശോധിക്കുന്നതിനായി ചെക്ക്പോസ്റ്റുകൾ, മത്സ്യ ലേല മാർക്കറ്റുകൾ, മത്സ്യ മൊത്ത വിൽപന കേന്ദ്രങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് സ്ഥിരമായി പരിശോധനകൾ നടത്തുന്നുണ്ട്. പ്രസ്തുത പരിശോധനയിൽ രാസ പദാർത്ഥങ്ങൾ കലർന്നതോ പഴക്കം ചെന്നതോ ആയ മത്സ്യം കണ്ടെത്തുന്ന സാഹചര്യത്തിൽ അവ അതേ സംസ്ഥാനത്തേയ്ക്ക് തന്നെ തിരിച്ച് അയക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നുണ്ട്.<br><br>മത്സ്യത്തിൽ മായം ചേർത്തതുമായി ബന്ധപ്പെട്ട് 2018-19, 2019-20 കാലയളവുകളിൽ 6 പ്രോസിക്യൂഷൻ കേസുകൾ സംസ്ഥാനത്ത് ഒട്ടാകെ ഫയൽ ചെയ്തിട്ടുണ്ട്.ഓപ്പറേഷൻ സാഗർ റാണിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാവകുപ്പ് പരിശോധനകളിൽ ഉപയോഗയോഗ്യമല്ല എന്ന് കണ്ടെത്തിയ 2495Kg മത്സ്യം നശിപ്പിക്കുകയും 1,06,500/- രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ